LIBRARY ARCHIVES Kerala Legislative Assembly

ആനകളുടെ എണ്ണം

126 [2555] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ക്ഷേത്രങ്ങളുടെയും സംരക്ഷണയിലുള്ള ആനകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വനം വകുപ്പ് നേരിട്ട് സംരക്ഷിക്കുന്ന ആനകളുടെ എണ്ണം എത്രയാണ് എന്ന് അറിയിക്കുമോ;

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ചരിഞ്ഞ നാട്ടാനകളുടെയും കാട്ടാനകളുടെയും ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) ആനകളുടെ ഉടമസ്ഥർക്ക് ഉടമസ്ഥതാ സർട്ടിഫിക്കറ്റുകൾ നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ;

(ഇ) ഇതിനകം സർട്ടിഫിക്കറ്റു നൽകിയ ആനകളുടെ എണ്ണം എത്രയാണ് എന്നു പറയുമോ;

(എഫ്) നിലവിലില്ലെങ്കിൽ മുഴുവൻ ആന ഉടമസ്ഥർക്കും സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആകെ 696 (അറുന്നൂറ്റി തൊണ്ണൂറ്റി ആറ്) ആനകൾ ഉണ്ട്.

(ബി) 19 (പത്തൊൻപത്) എണ്ണം.

(സി) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഇരുന്നൂറ്റി അറുപത്തി നാല് കാട്ടാനകൾ ചെരിഞ്ഞിട്ടുണ്ട്. നാട്ടാനകളുടെ എണ്ണം വനം വകുപ്പ് ശേഖരിക്കുന്നില്ല.

(ഡി, ഇ ആന്റ് എഫ്) 1996 മുതൽ ഇരുന്നൂറ്റി നാൽപ്പത്തെട്ട് ഉടമസ്ഥതാ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

ചന്ദന ഫാക്ടറികളുടെ പ്രവർത്തനം

127 [2556] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒലവക്കോട് അനധികൃതമായി പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറികൾ അടച്ചു പൂട്ടുന്നതിന് നടപടി സ്വീകരിച്ച കൺസർവേറ്ററെ സ്ഥലം മാറ്റിയിട്ടുണ്ടോ?

ഉത്തരം

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ നല്കിയ കൺസർവേറ്റർമാരുടെ സ്ഥലം മാറ്റത്തിനുള്ള പ്രപ്പോസൽ പരിഗണിച്ച് മറ്റ് കൺസർവേറ്റർമാർക്കൊപ്പം ഭരണപരമായ കാരണങ്ങളാൽ കിഴക്കൻ മേഖലാ കൺസർവേറ്ററെയും സ്ഥലംമാറ്റിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലംമാറ്റ ഉത്തരവിനെതിരെ അദ്ദേഹം എറണാകുളം സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ. എ. 778/2004-ാം നമ്പരായി കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിന്റെ വിധിയിൽ ഈ അദ്ധ്യയന വർഷം മുൻ തസ്തികയിൽ തുടരുവാൻ അനുവദിക്കുകയും ചെയ്തു. ഇതിൻ പ്രകാരം ഇപ്പോൾ പ്രസ്തുത തസ്തികയിൽ തന്നെ തുടരുകയാണ്.

ചന്ദന മാഫിയാ ആക്രമണം

128 [2557] ശ്രീ. ടി. യു. രാധാകൃഷ്ണൻ :

,, കെ. അച്ചുതൻ :

,, എ. സുജനപാൽ :

,, ജോർജ് ജെ. മാത്യു :

,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ഉദ്യോഗസ്ഥരെ 2005 ഫെബ്രുവരി മാസത്തിൽ ചന്ദന മാഫിയ ആക്രമിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഈ ആക്രമണത്തെപ്പറ്റി അന്വേഷിക്കുവാൻ ഉന്നത ഉദ്യോഗസ്ഥർ മറയൂരിലെത്തിയ ദിവസംതന്നെ മറയൂർ ചന്ദന റിസർവിൽനിന്നും മറയൂർ ടൗണിലെ റവന്യൂ ഭൂമിയിൽ നിന്നും ചന്ദനമരം മുറിച്ച് കടത്തിയിരുന്നോ;

(സി) എങ്കിൽ ഈ മരങ്ങൾ മുറിച്ച് കടത്തിയതാരാണ് എന്നും, എത്ര മരങ്ങൾ മുറിച്ച് കടത്തിയെന്നും അവയ്ക്ക് എന്ത് വിലവരുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കോട്ടയം സർക്കിളിൽപ്പെട്ട മൂന്നാർ ഡിവിഷനിൽ, മറയൂർ റെയിഞ്ചിലെ വനം വകുപ്പ് ഉദ്യോഗസ്ഥരെ ചന്ദന മാഫിയ 9-2-2005-ൽ ആക്രമിക്കുകയുണ്ടായി.

(ബി) ഉന്നത ഉദ്യോഗസ്ഥർ മറയൂരിൽ എത്തിയ ദിവസവും അതിനടുത്ത ദിവസവും മറയൂർ റെയിഞ്ചിന്റെ പരിധിയിൽ വരുന്ന റിസർവുകളിൽ നിന്നും ചന്ദന മരം മുറിച്ചു കടത്തിയിട്ടുണ്ട്.

(സി), മരങ്ങൾ മുറിച്ചവരെക്കുറിച്ച് അന്വേഷിച്ചുവരുന്നു. 4,00,500 രൂപ വില വരുന്ന 33 മരങ്ങൾ മുറിച്ചു നീക്കംചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly